കാണുന്നു. നിയമസഭയിൽ സർ, അങ്ങേക്കു് ദീർഘകാലത്തെ പരിചയമുണ്ടു്. എനിക്കും ഇവിടെയുള്ള ചില മെംബറന്മാർക്കും കുറേയധികം പരിചയമുണ്ടു്. പോയിന്റു് ആഫ് ആർഡർ എന്നു പറഞ്ഞാൽ എന്തും എപ്പോഴും പറയുവാനുള്ള ഒരു അവസരമല്ല എന്നുള്ള വസ്തുത ഇവിടെയുള്ള എല്ലാ അളുകൾക്കും അറിയാം. ഇവിടെ ഒരാളിന്റെ പ്രസംഗത്തിനു് തടസ്സമുണ്ടാക്കണമെങ്കിലോ പറയുവാൻ പാടില്ലാത്തതു് എന്തെങ്കിലും പറയണമെങ്കിലോ, പറയുവാൻ അവസരമുണ്ടാക്കണമെങ്കിലോ വെറുതെ പായിന്റു് ആഫ് ആർഡറെന്നു പറഞ്ഞിട്ടു്, ഒന്നരണ്ടു പ്രാവശ്യമല്ല, അനേകായിരം പ്രാവശ്യം പായിന്റു് ആഫ് ആർഡറെന്നു പറഞ്ഞു് പായിന്റുമില്ല, ആർഡറുമില്ലാത്ത ഒരു ഏർപ്പാടു് ഈ സഭയിൽ നടക്കുന്നുണ്ടു്. എനിക്കറിയാം പായിന്റു് ആഫ് ആർഡറെന്നു പറഞ്ഞു് ഈ സഭയിൽ എണീറ്റു നിൽക്കുന്ന കാര്യത്തെപ്പറ്റി.....

(ഈ സമയം പ്രതിപക്ഷ മെംബർമാരായ സർവ്വശ്രീ പി. എസ്. ശ്രീനിവാസൻ, ഈ. പി. ഗോപാലൻ, കെ. മാധവൻ, കെ. കൃഷ്ണപിള്ള തുടങ്ങിയവർ എണീറ്റുനിന്നു് മേശപ്പുറത്തു ശബ്ദമുണ്ടാക്കിക്കൊണ്ടു് ഇതു് പായിന്റു് ആഫ് ആർഡറാണോ, മന്ത്രിക്കു് ഇതു പറയുവാനെന്തവകാശം എന്നൊക്കെ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു).

Mr. Speaker : Shri Chacko is on a Point of Order. So, please resume your seats.

Shri P. T. Chacko : Sir, I have the right to submit to you a point of order. Nobody can prevent me from submitting that. If anybody does not want to hear me, he has his choice.
ഇങ്ങനെ യാതൊരു പായിന്റുകളുമോ ആർഡറുകളുമോ ഇല്ലാത്ത പായിന്റു് ആഫ് ആർഡർ ഉന്നയിച്ചു് സഭയെ മെനക്കെടുത്തുന്നതു് ശരിയാണോ? തുടർച്ചയായി ഇങ്ങനെ ചട്ടങ്ങൾക്കു വിപരീതമായി ഉന്നയിക്കുന്നതിനെ തടഞ്ഞു് മറുഭാഗത്തുള്ള ആളുകളെ ഏതെങ്കിലും തരത്തിൽ രക്ഷിക്കാൻ വല്ല മാർഗ്ഗവുമുണ്ടോ?

Mr. Speaker : I appeal to the good sense of the Members and request them to use their right of raising a Point of Order with due decorum consistent with the business of the House. I also remind the honourable Members that Points of Order should not be raised merely for a speech. I expect that honourable Members will adhere to the Rules of Procedure and Conduct of Business and maintain the dignity of the House.

WRITTEN ANSWERS

കായൽനിലങ്ങൾ.

70. [10] **ശ്രീ. പി. ആർ. കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറ്റിൽ ആകെ എത്ര ഏക്കർ കായൽനിലങ്ങളുണ്ടു്.

(ബി) കായൽനിലങ്ങളിൽനിന്നും വെള്ളം വറ്റിക്കുന്നതിനും ബണ്ടു് ഇടുന്നതിനുമായി എന്തെങ്കിലും സഹായം കൊടുത്തുവരുന്നുണ്ടോ?

കൃഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) ഏകദേശം 48,308 ഏക്കർ.

(ബി) കുട്ടനാട്ടിൽ ആർ. ബ്ലോക്കു് കായൽ എന്ന പ്രദേശത്തു് ഉൾപ്പെടുന്നു് പദ്ധതിപ്രകാരം സ്ഥിരം ബണ്ടു് കെട്ടുന്നതിനും വെള്ളം വറ്റിക്കുന്നതിനു് പമ്പുസെറ്റു് നൽകുന്നതിനുമായി ഒരു സ്കീം നിലവിലുണ്ടു് കുട്ടനാട്ടിലും തിരുവനന്തപുരം വെള്ളായണിയിലും കായൽനിലങ്ങളിൽ വെള്ളം വറ്റിക്കുന്നതിനു് സഹായധനം കൊടുക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly